**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം:നം. 1345** **21.03.2013 ലെ മറുപടിയ്ക്ക്**

**ഹരിതനിർമ്മാണനയം**

**ചോദ്യം**

**ശ്രീ. വി. ശശി**

പരിസ്ഥിതി സൗഹൃദ നിർമ്മിതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിത നിർമ്മാണ നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**(ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്)**
**(പൊതുമരാമത്ത് വകുപ്പ് മന്ത്രി)**

പരിസ്ഥിതി സൗഹൃദ നിർമ്മിതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിത നിർമ്മാണ നയം രൂപീകരിച്ചിട്ടുണ്ട്. 07.03.2013 ലെ സ.ഉ.(എം.എസ്) നം. 28/2013/പൊ.മ.വ പ്രകാരം 'ഹരിത നിർമ്മാണ നയം ' അംഗീകരിച്ച് കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വർദ്ധിച്ച് വരുന്ന ഊർജ്ജോപഭോഗം, ജല ദൗർലഭ്യം, നിർമ്മാണ സാമഗ്രികളുടെ അപര്യാപ്തത, കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയ്ക്ക് ഒരു പരിധി വരെ പരിഹാരം കണ്ടെത്തുന്നതിന് വേണ്ടിയാണ് ഹരിത നിർമ്മാണ നയം നടപ്പാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നത്.

പ്രധാനമായും കെട്ടിടങ്ങളിലെ ഊർജ്ജ ഉപഭോഗവും ജല ഉപഭോഗവും കുറയ്ക്കുവാനുള്ള വ്യവസ്ഥകളാണ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ, പ്രധാനമായും സൗരോർജ്ജം പരമാവധി ഉപയോഗപ്പെടുത്തുവാൻ നയം വ്യവസ്ഥ ചെയ്യുന്നു. കൂടാതെ മലിനജലം പരമാവധി പുനർചാക്രീകരണം മുഖേന ഉപയോഗ യോഗ്യമാക്കാനും വ്യവസ്ഥയുണ്ട്. കേരളത്തിൽ അതാത് സ്ഥലങ്ങളിൽ ലഭിക്കുന്ന നിർമ്മാണ സാമഗ്രികൾ ഉപയോഗപ്പെടുത്തിയും ജലത്തിന്റെ ഉപയോഗം ഫലപ്രദമായ രീതിയിൽ പരിമിതപ്പെടുത്തിയും ഭൂപ്രകൃതി അതിന്റെ തനതായ രീതിയിൽ സംരക്ഷിച്ച് കൊണ്ടും നിലവിലെ സസ്യജാലങ്ങൾ പരമാവധി നിലനിർത്തിയും മാലിന്യോത്പാദനം പരിമിതപ്പെടുത്തിയും അവ ഉറവിടത്തിൽ ത്തന്നെ സംസ്കരണം നടത്തിയുമുള്ള ഒരു നിർമ്മാണ രീതിയാണ് ഈ നയം മൂലം നടപ്പാക്കാനുദ്ദേശിക്കുന്നത്. മതിയായ കാറ്റും വെളിച്ചവും കിട്ടത്തക്ക വിധത്തിലുള്ള കെട്ടിടത്തിന്റെ രൂപ കൽപ്പനയും അതുവഴി ആരോഗ്യകരമായ ഒരന്തരീക്ഷം സൃഷ്ടിക്കാനുമുള്ള വ്യവസ്ഥകളുമാണ് നയത്തിലുള്ളത്.

Mayed

സെക്ഷൻ ഓഫീസർ